**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ ,**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**ഹാജർ :- ജോർജ്ജ് അലക്സാണ്ടർ**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് തസ്തികയിൽ 2022 വർഷത്തെ അന്തർജില്ലാ സ്ഥലമാറ്റത്തിനുള്ള (Inter District Transfer) പൊതുസ്ഥലമാറ്റത്തിന്റെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം :-
1. സർക്കാർ ഉത്തരവ് (P) നമ്പർ 3/2017/P&ARD തീയതി 25.2.2017.
2. സർക്കാർ ഉത്തരവ് (RT) നമ്പർ 147/2022/Agri തീയതി 21.02.22.
3. ഈ ഓഫീസിലെ സർക്കുലർ നമ്പർ SA ( 2) 762/21 തീയതി 16.3.2022.
4. സർക്കാർ ഉത്തരവ് (MS) നമ്പർ 42/21/Agri തീയതി 26.2.2021.
5. സർക്കാർ ഉത്തരവ് (RT) നമ്പർ 257/2022/Agri തീയതി 27.3.22
6. ബഹു KAT-യുടെ ഉത്തരവ് നമ്പർ OA 657/ 2022 തീയതി .2.8.2022.
7. ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ തീയതി . 19.9.2022.
8. ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് തീയതി 27.9.2022, 22.11.22.

**ഉത്തരവ് നമ്പർ എസ്. ഇ (3) 6953/20 തീയതി 27.12..22**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ 2022- വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ സൂചന 1, 2 - ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന 3 പ്രകാരം ക്ഷണിച്ചിരുന്നു . എന്നാൽ അപേക്ഷകൾ ക്ഷണിച്ചതിനു ശേഷം കൃഷി അസ്സിസ്റ്റന്റമാരുടെ സ്റ്റേഷൻ സീനിയോറിറ്റിക്ക് പകരം ജില്ലാ സീനിയോറിറ്റി കണക്കാക്കണമെന്നും, അന്തർ ജില്ലാ സ്ഥലമാറ്റം ഡയറക്ടർ തലത്തിലും ജില്ലാതലസ്ഥലമാറ്റം പ്രിൻസിപ്പൽ കൃഷി ഓഫീസർ തലത്തിലും നടപ്പിലാക്കണമെന്ന പുതുക്കിയ മാർഗനിർദേശങ്ങൾ സൂചന 5 പ്രകാരം സർക്കാർ നൽകിയിരുന്നു . ഈ സർക്കാർ ഉത്തരവിനെതിരെ ചില ജീവനക്കാർ ബഹു KAT-യിൽ OA 657/22 നമ്പറായി കേസ് ഫയൽ ചെയ്യുകയും , ഈ കേസിന്റെ 2.8.2022-ലെ അന്തിമ ഉത്തരവിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ സ്ഥലമാറ്റ നടപടികൾ, സൂചന 4,5 ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾ ( അതായത് അന്തർ ജില്ലാ സ്ഥലമാറ്റം ഡയറക്ടറും , ജില്ലയ്ക്കുള്ളിലെ സ്ഥലമാറ്റങ്ങൾ അതാത് ജില്ലാ ഓഫീസർമാരും നടപ്പിലാക്കണമെന്ന ) software- ൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ NIC- ബുദ്ധിമുട്ട് രേഖാമൂലം അറിയിക്കുന്ന പക്ഷം പരാമർശം 5- സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 2- പ്രകാരം പൊതുസ്ഥലമാറ്റം നടപ്പിലാക്കണമെന്നാണ് ഉത്തരവായത് .

. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 7 പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലെ 2022- വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അന്തർ ജില്ലാ സ്ഥലമാറ്റത്തിന്റെ ( Inter District Transfer)

അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുകയും , പ്രസ്തുത അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിന് നിർദേശം നൽകുകയും ചെയ്തിരുന്നു . കൂടാതെ അനുകമ്പാർഹ കാരണങ്ങളാൽ സ്ഥലമാറ്റം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവരുടെ അപേക്ഷകൾ മെഡിക്കൽ ബോർഡിന് നൽകുകയും ആയതിൽ ശുപാർശ രേഖപ്പെടുത്തി നൽകിയ അപേക്ഷകൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ് .

മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശയോട് കൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച കൃഷി അസിസ്റ്റന്റ് തസ്തികയിലെ 2022- വർഷത്തെ പൊതുസ്ഥലമാറ്റ അപേക്ഷകളും , അനുകമ്പാർഹ പരിഗണനയ്ക്ക് അർഹമാണെന്ന് മെഡിക്കൽ ബോർഡ് തീരുമാനിച്ച അപേക്ഷകളും SPARK- മുഖേന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്ത ലഭിച്ച കൃഷി അസിസ്റ്റന്റ് തസ്തികയിലെ 2022- വർഷത്തെ അന്തർ ജില്ലാ സ്ഥലമാറ്റത്തിന്റെ (INTER DISTRICT TRANSFER ) കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in - ൽ പ്രസിദ്ധീകരിച്ചുകൊണ്ട് പരാമർശം 8 പ്രകാരം ഉത്തരവായിരുന്നു. ഈ കരട് സ്ഥലംമാറ്റ ഉത്തരവിന്മേൽ 12.10.2022 തീയതി വരെ ആക്ഷേപങ്ങൾ / പരാതികൾ എന്നിവ സ്വീകരിച്ചിട്ടുള്ളതും , ആയത് പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഹരിച്ചിട്ടുള്ളതും , ഓൺലൈൻ സ്ഥലമാറ്റം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു കരട് കൂടി പ്രസിദ്ധീകരിക്കുന്നതിനായി വകുപ്പ് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ രണ്ടാം കരട് ലിസ്റ്റും പരാമർശം 8 പ്രകാരം പ്രസിദ്ധീകരിക്കുകയും ആയതിന്റെ അപ്പീൽ 29.11.2022. തീയതി വരെ ക്ഷണിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ഈ തീയതി വരെ ലഭിച്ച ആക്ഷേപങ്ങൾ / പരാതികൾ എന്നിവ പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഹരിച്ച് SPARK- മുഖേന പ്രോസസ്സ് ചെയ്ത ലഭിച്ച കൃഷി അസിസ്റ്റന്റ് തസ്തികയിലെ 2022 വർഷത്തെ പൊതുസ്ഥലമാറ്റത്തിന്റെ (Inter District Transfer) അന്തിമ ഉത്തരവ് / ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് കൊണ്ട് ഉത്തരവാകുന്നു

SPARK- ൽ രേഖപ്പെടുത്തിയ സർവീസ് വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ ഓൺലൈൻ സ്ഥലമാറ്റം NIC സോഫ്റ്റ് വെയറിലൂടെ വകുപ്പ് നടപ്പിലാക്കിവരുന്നത്. സൂചന 1-ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള priority claim ചെയ്യുന്നവർ , ഓൺലൈൻ അപേക്ഷ സമർപ്പിക്കാതെ പ്രസ്തുത priority certificate -മാത്രം സ്പാർക്കിൽ upload - ചെയ്യുന്നതിനു നിർദേശം നൽകിയിരുന്നു . ഇപ്രകാരം തിരുവനന്തപുരം കഴക്കൂട്ടം കൃഷി ഭവനിലെ കൃഷി അസിസ്റ്റന്റായ ശ്രീമതി നിഷ , priority certificate - സ്പാർക്കിൽ upload- ചെയ്യുകയും , എന്നാൽ ബന്ധപ്പെട്ട DDO- സർട്ടിഫിക്കറ്റ് approve- ചെയ്യാൻ വിട്ടുപോയതിനാൽ ശ്രീമതി നിഷ ,(PEN NO- 374547.) സ്ഥലമാറ്റ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട് . പ്രസ്തുത സാഹചര്യത്തിൽ , ടി ജീവനക്കാരിയുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടില്ലാത്തതിനാൽ ഓൺലൈൻ സ്ഥലമാറ്റ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി നിഷ ,കൃഷി അസിസ്റ്റന്റിനെ കഴക്കൂട്ടം കൃഷി ഭവനിൽ നിലനിർത്തികൊണ്ടും , ടി കൃഷി ഭവനിലെ ശ്രീ . ജോഷി സെബാസ്റ്റ്യൻ (PEN NO- 337508.) കൃഷി അസിസ്റ്റന്റിനെ ടിയാന്റെ അപേക്ഷ അനുഭാവപൂർവം പരിഗണിച്ച് ( compassionate- ground-ൽ ഇടുക്കി

ജില്ലയിലേക്ക് സ്ഥലമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ) ഇടുക്കി ജില്ലയിലേക്ക് സ്ഥലമാറ്റം അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു .

അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചിരുന്ന പരാമർശ 7 – പ്രകാരമുള്ള സർക്കുലറിൽ ഈ വർഷം കൃഷി അസിസ്റ്റന്റ് തസ്തികയിൽ പൊതുസ്ഥലമാറ്റം 2– ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നതെന്നും, ആദ്യഘട്ടത്തിൽ ഡയറക്ടർ അന്തർ ജില്ലാ സ്ഥലംമാറ്റവും രണ്ടാം ഘട്ടത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ജില്ലാതല സ്ഥലമാറ്റങ്ങളും നടപ്പിലാക്കുമെന്നും അറിയിച്ചിരുന്നു . **മേൽ സാഹചര്യത്തിൽ ഈ ഉത്തരവിനോടൊപ്പം പ്രസിദ്ധീകരിക്കുന്ന അന്തർ ജില്ലാ പൊതു സ്ഥലമാറ്റത്തിന്റെ (INTER DISTRICT TRANSFER ) അന്തിമ ലിസ്റ്റിൽ വിവിധ ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫിസർമാർ ജില്ലയ്ക്കുള്ളിലെ സ്ഥലമാറ്റത്തിന്റെ (INTRA DISTRICT TRANSFER ) അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരേണ്ടതാണ് .** ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന പ്രസ്തുത ജീവനക്കാർക്ക് ഇപ്പോൾ ജോലിനോക്കുന്ന ഓഫീസിൽ നിന്ന് , സ്ഥലമാറ്റം ലഭിച്ച ജില്ലയിലെ നിരവധി സ്റ്റേഷനുകളിലേക്ക് / ഓഫീസുകളിലേക്ക് ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസരം സ്പാർക്കിൽ ലഭ്യമാക്കിയിട്ടുണ്ട് . വിശദവിവരങ്ങളടങ്ങിയ നോട്ടിഫിക്കേഷൻ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു .

Sd/-
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**
**ഡയറക്ടർ (I/c)**

DDA(IT CELL ) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

Copy to:-

All Principal Agricultural Officers

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-38